REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **തമിഴ്നാട്ടിലെ കരൂരിൽ തിക്കിലും തിരക്കിലും 41 പേർ മരിച്ച ദുരന്തത്തിൽ CBI അന്വേഷണത്തിന് സുപ്രീംകോടതി ഉത്തരവിട്ടു.**
- **സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖല രാജ്യത്തിന് മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഇന്ന് ഒരാൾ കൂടി മരിച്ചു.**
- **സംസ്ഥാനത്ത് ഇതുവരെ 20 ലക്ഷം പേരെ ക്യാൻസർ പരിശോധനയ്ക്ക് വിധേയരാക്കിയതായി മന്ത്രി വീണാ ജോർജ്ജ്.**
- **ന്യൂഡൽഹി ക്രിക്കറ്റ് ടെസ്റ്റിൽ വിൻഡീസ് പൊരുതുന്നു.**

## വാർത്തകൾ വിശദമായി

തമിഴ്നാട്ടിലെ കരൂരിൽ തിക്കിലും തിരക്കിലും സെപ്തംബർ 27ന് 41 പേർ മരിച്ച ദുരന്തത്തിൽ CBI അന്വേഷണത്തിന് സുപ്രീംകോടതി ഉത്തരവിട്ടു. തമിഴക വെട്രികഴകം റാലിക്കിടെ പാർട്ടി നേതാവ് വിജയ് എത്തിയപ്പോഴുണ്ടായ തിക്കിലും തിരക്കിലുമാണ് ദുരന്തമുണ്ടായത്.

സുപ്രീംകോടതി മുൻ ജസ്റ്റിസ് അജയ് രെസ്തോഗിയുടെ നേതൃത്വത്തിൽ മൂന്നംഗ സമിതി CBI അന്വേഷണത്തിന് മേൽനോട്ടം വഹിക്കാനും സുപ്രീംകോടതി ഡിവിഷൻ ബഞ്ച് നിർദേശിച്ചു. സമിതിയിലെ മറ്റ് രണ്ട് അംഗങ്ങൾ ജസ്റ്റിസ് രെസ്തോഗി തെരഞ്ഞെടുക്കുന്ന IPS ഓഫീസർമാരായിരിക്കും.

✪✪✪

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖല രാജ്യത്തിന് മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വിഷൻ 2031ന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കേരളം വിദ്യാഭ്യാസ മേഖലയിൽ വലിയ തോതിൽ മുന്നേറ്റം നേടിയ സംസ്ഥാനമാണ്. ഒരു കാലത്ത് കേരളത്തിലെ മഹാഭൂരിപക്ഷവും അക്ഷരജ്ഞാനം ഇല്ലാത്തവരായിരുന്നുവെന്നും സമൂഹത്തെ മാറ്റിയെടുക്കുന്നതിന് ബോധപൂർവ്വമായി ഇടപെടലുകൾ ഉണ്ടായെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇനി വിദ്യാലയങ്ങളാണ് ആരംഭിക്കേണ്ടതെന്ന് പറഞ്ഞ ശ്രീനാരായണ ഗുരുവിന്റെ പേര് പ്രത്യേകം പരാമർശിക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

IRCTC ഹോട്ടൽ അഴിമതിക്കേസിൽ മുൻ റെയിൽവേ മന്ത്രി ലാലു പ്രസാദ് യാദവ് , മുൻ ബിഹാർ മുഖ്യമന്ത്രി റാബ്രി ദേവി, RJD നേതാവ് തേജസ്വി യാദവ് എന്നിവർക്കും മറ്റു ചിലർക്കുമെതിരെ കുറ്റം ചുമത്തി. റാഞ്ചിയിലേയും പുരിയിലേയും രണ്ട് ഹോട്ടലുകൾക്ക് ടെണ്ടർ നൽകിയതിൽ അഴിമതി ആരോപിക്കുന്നതാണ് കേസ്. ലാലു പ്രസാദ് യാദവും ഭാര്യ റാബ്രി ദേവിയും കോടതിയിൽ നേരിട്ട് ഹാജരായിരുന്നു. ഡൽഹിയിലെ റോസ് അവന്യൂ കോടതിയാണ് കേസ് പരിഗണിച്ചത്.

✪✪✪

PM ഗതി ശക്തി മാസ്റ്റർ പ്ലാനിന് ഇന്നേക്ക് നാല് വർഷ പൂർത്തിയാകുന്നു. വിവിധ സാമ്പത്തിക മേഖലകൾക്ക് മൾട്ടി മോഡൽ കണക്ടിവിറ്റി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 2021 ഒക്ടോബർ 13നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി PM ഗതി ശക്തിക്ക് തുടക്കമിട്ടത്. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും 44 കേന്ദ്രമന്ത്രാലയങ്ങളേയും 36 സംസ്ഥാനങ്ങളേയും കേന്ദ്രഭരണ പ്രദേശങ്ങളേയും സംയോജിപ്പിക്കാൻ പ്രധാനമന്ത്രി ഗതിശക്തി പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ ഗതാഗത മാർഗങ്ങളിലൂടെ ആളുകളുടേയും ചരക്കുകളുടേയും സേവനങ്ങളുടേയും തടസ്സമില്ലാത്ത നീക്കത്തിന് കാര്യക്ഷമമായ കണക്ടിവിറ്റി ഒരുക്കുകയാണ് സംരംഭത്തിന്റെ ലക്ഷ്യം.

✪✪✪

ശ്രീനാരായണഗുരു സമാധി ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യാൻ രാഷ്ട്രപതി ദ്രൗപതി മുർമു ഈ മാസം 23ന് ശിവഗിരിയിലെത്തും. ഉച്ചക്ക് ഒരുമണിയോടെയാണ് ഉദ്ഘാടന ചടങ്ങ്. ഗുരുദേവ ദർശനം ആഗോള തലത്തിൽ പ്രചരിപ്പിക്കുന്നതിന് രണ്ട് വർഷം നീളുന്ന പരിപാടികളാണ് രാഷ്ട്രപതി ഉദ്ഘാടനം ചെയ്യുന്നത്. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനെത്തുന്ന രാഷ്ട്രപതി 22ന് ശബരിമലയിൽ ദർശനം നടത്തും. ഉച്ചക്ക് തിരുവനന്തപുരത്ത് എത്തുന്ന രാഷ്ട്രപതി, ഹെലികോപ്റ്ററിൽ നിലയ്ക്കലിൽ ഇറങ്ങിയ ശേഷം റോഡ് മാർഗം പമ്പയിലെത്തിയാണ് സന്നിധാനത്തേക്ക് പോവുന്നത്.

✪✪✪

തീർത്ഥാടന കേന്ദ്രമായ കണ്ണൂർ പറശ്ശിനിക്കടവിന്റെ വികസന പദ്ധതികൾ പ്രവൃത്തി ഉദ്ഘാടനവും രണ്ട് ബോട്ടുകളുടെ സർവ്വീസ് ഉദ്ഘാടനവും മന്ത്രി KB ഗണേഷ് കുമാർ നിർവ്വഹിച്ചു. മൂന്നര കോടി രൂപ ചെലവഴിച്ച് വിപുലീകരിക്കുന്ന ബോട്ട് ടെർമിനൽ, ഒരു കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന പറശ്ശിനിക്കടവ് നദി സംരക്ഷണ പദ്ധതി, രണ്ട് കോടി 84 ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കുന്ന പറശ്ശിനിക്കടവ് സൗന്ദര്യ വൽക്കരണം എന്നിവയുടെ പ്രവൃത്തികളാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റെ മകൻ വിവേക് കിരണിന് ED അയച്ച സമൻസുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ നൽകുന്നത് തെറ്റിദ്ധരിപ്പിക്കുന്ന വാർത്തയാണെന്ന് CPIM ജനറൽ സെക്രട്ടറി MA ബേബി പറഞ്ഞു. സമൻസിന്റെ തുടർനടപടികൾ ED സ്വീകരിക്കാത്തത് കേസിൽ കഴമ്പില്ലെന്ന് മനസ്സിലാക്കിയതുകൊണ്ടാണെന്നും ബേബി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ശബരിമലയിലെ സ്വർണ്ണക്കൊള്ളയ്ക്കെതിരെ യുവമോർച്ചയുടെ സെക്രട്ടേറിയറ്റ് മാർച്ച് അൽപസമയത്തിനകം BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. പാളയത്ത് നിന്നാണ് മാർച്ച് ആരംഭിക്കുന്നത്.

✪✪✪

ശബരിമല സന്നിധാനത്ത് റിട്ടയേർഡ് ജസ്റ്റിസ് KT ശങ്കരന്റെ നേതൃത്വത്തിൽ ശനിയാഴ്ച ആരംഭിച്ച പരിശോധന ഇന്നും തുടരും. സ്ട്രോങ് റൂമിലെ സ്വർണ്ണം, വെള്ളി, ചെമ്പ്, സാമഗ്രികളുടെ പരിശോധനയും മൂല്യ നിർണയവുമാണ്

പുരോഗമിക്കുന്നത്. സന്നിധാനത്തെ പരിശോധന പൂർത്തിയായ ശേഷം ആറന്മുള സ്ട്രോങ് റൂമിലെ പരിശോധന തുടങ്ങും. മാധ്യമങ്ങൾക്ക് സന്നിധാനത്തേക്ക് പ്രവേശനം നൽകിയിട്ടില്ല.

✪✪✪

രാജ്യത്തെ ഏറ്റവും വലിയ സ്കൂൾ ഹാക്കത്തോൺ 'വിക്സിത് ഭാരത് ബിൽഡത്തോൺ 2025' ഇന്ന് നടത്തും. രാവിലെ 10 മുതൽ രാത്രി 11 വരെയാണ് പരിപാടി. വിദ്യാർഥികളുടെ സർഗ്ഗാത്മകതയും പ്രശ്നപരിഹാര കഴിവുകളും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഹാക്കത്തോണിൽ 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്.

✪✪✪

ഹമാസ് ഏഴ് ഇസ്രായേലി ബന്ദികളെ റെഡ്ക്രോസിന് കൈമാറി. ഇസ്രായേൽ - ഹമാസ് യുദ്ധം അവസാനിപ്പിക്കാൻ തയ്യാറാക്കിയ വെടി നിർത്തൽ കരാറിന്റെ ഭാഗമായാണ് ഇസ്രായേൽ ജയിലിൽ കഴിയുന്ന 1,900 പലസ്തീൻ തടവുകാർക്ക് പകരം 20 ഇസ്രായേലി ബന്ദികളെ കൈമാറുന്നത്.

✪✪✪

തിരുവനന്തപുരം ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് വീണ്ടും ഒരാൾ കൂടി മരിച്ചു. കൊല്ലം സ്വദേശിയായ പുരുഷനാണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. കഴിഞ്ഞ ദിവസം കൊല്ലം സ്വദേശിയായ സ്ത്രീയും അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചിരുന്നു.

കണ്ണൂരും പാലക്കാട്ടും ഓരോരുത്തർക്ക് കൂടി അമീബിക് രോഗം സ്ഥിരികരിച്ചു. കണ്ണൂർ തയ്യിലിൽ മൂന്നര വയസുകാരനണ് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചത്. തുടർച്ചയായ പനിയെ തുടർന്നു കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു.

ഇന്നലെ തിരുവനന്തപുരത്തെ ലാബിൽ നിന്ന് രോഗം സ്ഥിരീകരിച്ച് റിപ്പോർട്ട് ലഭിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കുട്ടിയുടെ ആരോഗ്യ സ്ഥിതി ഗുരുതരം അല്ലെന്നും DMO പറഞ്ഞു.

പാലക്കാട്ടെ കൊടുമ്പ് സ്വദേശിയായ 62 കാരനാണ് തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗം സ്ഥിരീകരിച്ചത്. ആരോഗ്യവകുപ്പ് അധികൃതർ പ്രദേശത്ത് പരിശോധന നടത്തി പ്രതിരോധ നടപടികൾ ആരംഭിച്ചു. മൂന്നാഴ്ച മുൻപ് ജില്ലയിൽ രണ്ട് പേർക്ക് രോഗം കണ്ടെത്തിയിരുന്നു.

✪✪✪

'ആരോഗ്യം - ആനന്ദം, അകറ്റാം അർബുദം' ക്യാൻസർ പ്രതിരോധ ക്യാമ്പയിനിൽ സംസ്ഥാനത്ത് ഇതുവരെ 20 ലക്ഷം പേരെ പരിശോധനാ വിധേയരാക്കിയതായി മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. ക്യാൻസർ രോഗ പ്രതിരോധത്തിലെ സംസ്ഥാനത്തിന്റെ നിർണായക ചുവടുവെപ്പാണ് ഇതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. എല്ലാവരും സമീപത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെത്തി സ്ക്രീനിംഗ് നടത്തി ക്യാൻസർ ഇല്ലെന്ന് ഉറപ്പുവരുത്തണമെന്ന് വീണാജോർജ്ജ് നിർദേശിച്ചു.

✪✪✪

ന്യൂഡൽഹി ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിച്ച വെസ്റ്റ് ഇൻഡീസിന് മൂന്ന് വിക്കറ്റുകൾ നഷ്ടമായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ വിൻഡീസ് മൂന്ന് വിക്കറ്റിന് 265 റൺസെടുത്തു.

അഞ്ച് വിക്കറ്റിന് 518 റൺസ് എന്ന നിലയിലാണ് ഇന്ത്യ ഒന്നാം ഇന്നിംഗ്സ് ഡിക്ലയർ ചെയ്തത്.

✪✪✪

സംസ്ഥാനത്തെ വനിതാ സംരംഭകർക്കായി നാളെ തൃശൂരിൽ സംരംഭക കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. നിലവിലെ സംരംഭങ്ങളെ ആഗോള തലത്തിലേക്ക് ഉയർത്താൻ ശ്രമിക്കുന്നവർക്ക് ആത്മവിശ്വാസവും സഹായവും ഉറപ്പുവരുത്താനും സംരംഭം തുടങ്ങുന്നവർക്ക് പ്രോത്സാഹനം നൽകാനുമാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. സാങ്കേതിക വിദ്യയുടെ പുതിയ സാധ്യതകളായ AI, ഡിജിറ്റൽ മാർക്കറ്റിംഗ്, E-കൊമേഴ്സ് തുടങ്ങിയ മേഖലകളിൽ വിദഗ്ധരുടെ സെമിനാറുകൾ, വനിതാ സംരംഭകരുടെ വിജയകരമായ അനുഭവങ്ങളുടെ പങ്കുവെക്കൽ എന്നിവയും കോൺക്ലേവിൽ ഉണ്ടാകും. ഇതോടൊപ്പം, ഗവൺമെന്റ് സംവിധാനങ്ങളും ബാങ്കിംഗ് സേവനങ്ങളും ലഭ്യമാകും.

✪✪✪

നിരവധി കുട്ടികളുടെ മരണത്തിന് കാരണമായ കോൾഡ്രിഫ് ചുമ സിറപ്പിന്റെ നിർമാതാക്കളായ ശ്രീശൻ ഫാർമയുമായി ബന്ധപ്പെട്ട് ചെന്നൈയിലെ ഏഴ് കേന്ദ്രങ്ങളിൽ ED റെയ്ഡ് നടത്തി. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരമാണ് നടപടി. ശ്രീശൻ ഫാർമസ്യൂട്ടിക്കൽസ് ഉടമ S. രംഗനാഥന്റെ വസതി, തമിഴ്നാട് മയക്കുമരുന്ന് നിയന്ത്രണ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ ഓഫീസുകൾ എന്നിവയുൾപ്പെടെ കേന്ദ്രങ്ങളിലാണ് റെയ്ഡ് നടന്നത്.

മധ്യപ്രദേശിലെ ചിന്ദ്വാര ജില്ലയിൽ കോൾഡ്രിഫ് കഫ് സിറപ്പ് കഴിച്ച് 20ൽ അധികം കുട്ടികൾ മരിച്ചിരുന്നു.

✪✪✪

കണ്ണൂർ ജില്ലാ വെറ്ററിനറി കേന്ദ്രത്തിന്റെ ഒരു വർഷത്തെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമായി. മന്ത്രി J.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു.

കണ്ണൂരിൽ നിന്ന് KO ശശിധരൻ

.........വോയ്സ്.......

ബ്രിട്ടീഷുകാർ അവരുടെ സൈനിക സാമൂഹിക സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ മൃഗങ്ങളെ ഉപയോഗിച്ചിരുന്നതിനാൽ അവയുടെ ആരോഗ്യ സംരക്ഷണത്തിനും പരിപാലനത്തിനും പ്രത്യേക ശ്രദ്ധ നൽകിരുന്നതിന്റെ ഭാഗമായാണ് 1925 ൽ കണ്ണൂരിന്റെ ഹൃദയഭാഗത്ത് വെറ്ററിനറി സെന്റർ സ്ഥാപിചത്. 1921 ൽ മഞ്ചേരിയിൽ നിന്നാണ് കേ

ന്ദ്രം കണ്ണൂരിൽ സ്ഥാപിക്കുന്നത്. തുടക്കത്തിൽ സൈനിക ആവശ്യങ്ങൾക്കായിരുന്ന സ്ഥാപനം പിന്നീട് മൃഗസംരക്ഷണ ആവശ്യങ്ങൾക്കുള്ള കേന്ദ്രമായി.

100 വ്യത്യസ്ത പരിപാടികളാണ് ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സംഘടി പ്പിക്കുന്നത്. മൃഗസംരക്ഷണ മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നതായി ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തു കൊണ്ട് മന്ത്രി പറഞ്ഞു.

കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് നടപ്പാക്കുന്ന സമഗ്ര ഇൻഷൂറൻസ് പദ്ധതി കേരളത്തിൽ ആരംഭിച്ചുവെന്നും കേന്ദ്രത്തിൽ നിന്നുള ആദ്യ ഗഡു ലഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ചടങ്ങിൽ വെച്ച്19 കർഷകർക്കായി 23, 56, 500 രൂപ ആഫ്രിക്കൻ പന്നിപ്പനി നഷ്ടപരിഹാര ധനസഹായമായി മന്ത്രി വിതരണം ചെയ്തു.

✪✪✪

ശബരിമലയുടെ ആചാരവും വിശ്വാസവും സംരക്ഷിക്കണമെന്നും ദേവസ്വം സ്വത്തുവകകൾ മോഷ്ടിച്ചവരെ കണ്ടെത്തി ശിക്ഷിക്കണമെന്നും ആവശ്യപ്പെട്ട് മുൻ KPCC പ്രസിഡന്റ് K.മുരളീധരൻ നയിക്കുന്ന KPCCയുടെ മേഖലാ ജാഥയ്ക്ക് നാളെ രാവിലെ കാഞ്ഞങ്ങാട് തുടക്കമാവും. പ്രതിപക്ഷ നേതാവ് VD സതീശൻ ഉദ്ഘാടനം ചെയ്യും.

✪✪✪

2023 മെയ് ഏഴിന് ഉണ്ടായ താനൂർ ബോട്ട് അപകടത്തെ കുറിച്ച് അന്വേഷിക്കുന്ന ജസ്റ്റിസ് വി.കെ മോഹൻ കമ്മീഷൻ നാളെ കണ്ണൂരിൽ ഹിയറിങ് നടത്തും. കണ്ണൂർ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 11 മണിക്കാണ് ഹിയറിങ്. ഇന്ന് കാസർഗോഡ് നീലേശ്വരം ബോട്ട് ടെർമിനലിലും ഹിയറിങ് ഉണ്ട്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*